## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4907** **14-11-2019 ൽ മറുപടിക്ക്**

### വസ്തു കൈമാറിക്കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഒരു വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം പ്രത്യേക പ്രോജക്ടിനായി മറ്റൊരു വകുപ്പിന് കൈമാറുന്നതിന് റവന്യൂ വകുപ്പിന്റെ നടപടിക്രമം പൂർത്തിയാക്കുന്നതിൽ അനന്തമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം മറ്റൊരു വകുപ്പിന് കൈമാറുന്നതിന് ഭൂമി കൈവശമുള്ള വകുപ്പിന്റെ നിരാക്ഷേപപത്രം, ഭൂമി ആവശ്യമുള്ള വകുപ്പ് അർത്ഥനാപത്രത്തോടൊപ്പം സമർപ്പിക്കുന്ന കേസുകളിൽ റവന്യൂ വകുപ്പിന്റെ നടപടിക്രമം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നില്ല. സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിക്കാതിരിക്കുന്നതിനാലാണ് ഭൂരിഭാഗം കേസുകളിലും കാലതാമസം നേരിടുന്നത്. കൂടാതെ സേവന വകുപ്പുകൾക്ക് സർക്കാർ ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ 05.06.2018 ലെ ജി.ഒ (എം.എസ്) നം. 31/18/റവ സർക്കാർ ഉത്തരവു പ്രകാരം ലഘൂകരിച്ചിട്ടുമുണ്ട്. ഇതനുസരിച്ച് കോർപ്പറേഷൻ പ്രദേശങ്ങളിൽ 10 സെന്റ്, മുനിസിപ്പൽ പ്രദേശങ്ങളിൽ 25 സെന്റ് പഞ്ചായത്ത് പ്രദേശങ്ങളിൽ 56 സെന്റ് എന്നീ അളവുകളിലുള്ള ഭൂമി ജില്ലാ കളക്ടർക്കുതന്നെ സർക്കാർ വകുപ്പുകൾക്ക് അനുവദിക്കാവുന്നതാണ്. |
| (ബി) വസ്തു കൈമാറി കിട്ടാനുള്ള വർഷങ്ങളുടെ കാലതാമസം കാരണം വിവിധ വകുപ്പുകളുടെ ഒട്ടനവധി പദ്ധതികൾ മുടങ്ങിപ്പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) ഒരു വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റൊരു വകുപ്പിന് ഭൂമി കൈമാറ്റ വ്യവസ്ഥയിലൂടെ കൈമാറുന്നതിന് ഭൂമി കൈവശമുള്ള വകുപ്പിന്റെ നിരാക്ഷേപപത്രം, ഭൂമി ആവശ്യമുള്ള വകുപ്പ് അർത്ഥനയോടൊപ്പം സമർപ്പിക്കുന്ന പക്ഷം കാലതാമസം ഒഴിവാക്കാവുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത / സ്വയാർജിത ഭൂമി മറ്റൊരു വകുപ്പിന് വിട്ടുനൽകേണ്ട കേസുകളിൽ നിയമപരമായി ടി ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായ ശേഷം മാത്രമേ മറ്റൊരു വകുപ്പിന് നിയമപരമായി കൈമാറി നല്കാൻ നിയമം അനുശാസിക്കുന്നുള്ളൂ. നിയമപരവും ഭരണപരവുമായ നടപടികൾ പൂർത്തിയാക്കുന്നതിന് സമയമെടുക്കും. ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം, വർദ്ധിച്ചു വരുന്ന വികസനാവശ്യങ്ങൾ എന്നിവ |

പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് റവന്യൂ (എ) വകുപ്പിൽ നിന്നുള്ള 05.06.2018 ലെ ജി.ഒ (പി) നം. 31/18/റവ നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**